പരിശുദ്ധ പിതാവിന്റെ ഓർമ്മപ്പെരുനാൾ

നമ്മുടെ പരിശുദ്ധ പിതാവായ മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവാ തിരുമനസ്സിലെ 5-ാം ഓർമ്മപ്പെരുനാൾ അടുത്ത ജനുവരി 2-ം 3-ം തീയതികളിലാണ്. അനേകായിരങ്ങളെ അഗാധമായ ദുഃഖത്തിൽ ആഴ്ത്തിയ ഒരു സംഭവമായിരുന്നു തിരുമേനിയുടെ കടന്നുപോക്ക്. എന്നാൽ ആ ശരീരം നമ്മുടെ കണ്ണുകൾക്ക് മറഞ്ഞു എങ്കിലും ആത്മാവ് ശക്തിക്കു മീതെ ശക്തി ധരിച്ചും, തന്റെ മഹത്തായ മദ്ധ്യസ്ഥതയിലൂടെ കർത്തൃസന്നിധിയിൽനിന്നും ധാരാളം അനുഗ്രഹങ്ങൾ തന്റെ ആത്മികമക്കൾക്കു വിതരണം ചെയ്തുകൊണ്ടും ഇപ്പോഴും ജീവിക്കുന്നു. ദേവലോകത്തു് തിരുമനസ്സിലെ കബറിടസന്നിധിയിൽ തടിച്ചുകൂടുന്ന അത്മികം ആത്മസംതൃപ്തിയോടുകൂടി മടങ്ങുന്നു. തിരുമേനിയുടെ വാത്സല്യാതിരേകത്തിന്റേതായ അനേകമനേകം കഥകൾ വളരെപ്പേർക്കു പറവാനുണ്ട്. എന്നാൽ തിരുമേനി കാലംചെയ്തശേഷം അവിടുത്തെ മദ്ധ്യസ്ഥതയിലൂടെ ലഭിച്ചിട്ടുള്ള നിരവധി അനുഭവങ്ങൾ ഇന്നു പ്രഘോഷിക്കപ്പെടുന്നു. 'നിങ്ങളോടു ദൈവവചനം പ്രസംഗിച്ചു നിങ്ങളെ വഴി നടത്തിയവരെ ഓർത്തുകൊൾവിൻ' എന്നു് എബ്രായലേഖനകർത്താവും 'നീതിമാന്റെ ഓർമ്മ വാഴ്വിന്നായിരിക്കും' എന്നു സങ്കീർത്തനക്കാരനും നമ്മെ അനുസ്മരിപ്പിക്കുന്നു. അതിനാൽ ദീർഘകാലം നമ്മോടുകൂടിയിരുന്ന നമ്മെ വിശ്വാസത്തിലും വി. അനുഷ്ഠാനങ്ങളിലും ദൈവികമായി വഴി നടത്തിയ പരിശുദ്ധ പിതാവിനെ നാം ഓർക്കുന്നതും തിരുമേനിയുടെ പെരുനാൾ നാം ആഘോഷിക്കുന്നതും നിശ്ചയമായും നമുക്കു വാഴ്വിനു കാരണമായിത്തീരും എന്നു ഞങ്ങൾ അനുസ്മരിപ്പിച്ചുകൊള്ളട്ടെ.

തിരുമനസ്സിലെ നേർക്കു് അവിടുത്തെ ആത്മികമക്കൾക്കുള്ള ഹൃദയംനിറഞ്ഞ ഭക്ത്യാദരവുകളുടെ ഒരു ദൃശ്യമായിരിക്കത്തക്കവണ്ണം അവിടുത്തെ കബറിടം പണി കഴിപ്പിക്കണം എന്നുള്ള ആഗ്രഹത്തെ മുൻനിർത്തി മനോഹരമായ ഒരു കബറിടത്തിന്റെ പ്ലാൻ വിദഗ്ദ്ധമായി ആസൂത്രണംചെയ്തു പണി ആരംഭിച്ചിരിക്കയാണു്. ഈ വിവരം ഇപ്പോഴത്തെ പ. കാതോലിക്കാബാവാ തിരുമനസ്സുകൊണ്ടു കല്പനമൂലം എല്ലാ പള്ളികളെയും ഇതിനകം അറിയിച്ചിട്ടുണ്ടു്. തിരുമനസ്സിലെ പെരുനാൾദിനത്തിൽ വന്നുകൂടുന്നവർ കബറിടനിർമ്മാണത്തെക്കൂടി കരുതി അവരുടെ കാഴ്ചകളും കാണിക്കകളും സമർപ്പിക്കുമെന്നു നമുക്കു് ന്യായമായി വിശ്വസിക്കാവുന്നതാണു്. തിരുമനസ്സിലെ കബറിടത്തിന്റെ ചിത്രവും കല്പനയും പള്ളികൾക്കു് കാതോലിക്കേറ്റു് ആപ്പീസിൽനിന്നും അയച്ചിട്ടുണ്ടു്. പരിശുദ്ധ പിതാവിന്റെ പ്രാർത്ഥന നമുക്കു കോട്ടയായിരിക്കട്ടെ.

കാലംചെയ്ത ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനി

നിസ്വാർത്ഥവും ത്യാഗനിർഭരവുമായ ഒരു ജീവിതം നയിച്ചു്, തന്റെ ഭദ്രാസനത്തെ നല്ല അച്ചടക്കവും കെട്ടുറപ്പുള്ളതുമാക്കിത്തീർത്ത കർമ്മധീരനായ ഒരു വന്ദ്യപിതാവായിരുന്നു അങ്കമാലി മെത്രാസനയിടവകയുടെ മാർ ഗ്രീഗോറിയോസ് തിരുമേനി. തിരുമനസ്സിലെ ദേഹവിയോഗം അപ്രതീക്ഷിതമായ സമയം ആകസ്മികമായി സംഭവിച്ചു. എന്നാൽ അദ്ദേഹത്തിന്റെ കർമ്മവ്യഗ്രമായ ജീവിതത്തിലേക്കു കടന്നു നോക്കിയാൽ അദ്ദേഹം തന്റെ പ്രവർത്തനങ്ങൾ തികച്ചു ഒരു വേളയിലാണു കടന്നുപോയതെന്നു കാണാം. തിരുമേനി മേല്പട്ടമേറുമ്പോൾ മലങ്കരസഭ ഭിന്നതയിലായിരുന്നു. എന്നാൽ അതു് സമാധാനത്തിലെത്തിച്ചേർന്നു. വിവിധങ്ങളായ ഭരണക്രമങ്ങൾ നടപ്പിലിരുന്ന പള്ളി ഇടവകകളെ സഭാഭരണഘടനയിലൂടെ ഏകീകരിച്ചഭംഗിയായി നയിക്കുന്നതിൽ തിരുമേനി പൂർണ്ണമായി വിജയിച്ചു. ഭദ്രാസനത്തിന്റെ ഭാവി ഭദ്രമാക്കത്തക്ക സാമ്പത്തികശ

For Favours Received

P. K. Kuruvilla, Jaipur.

ക്കുന്നതിനും കൈവരുത്താൻ തിരുമേനിക്കു സാധിച്ചു. കോതമംഗലത്തു നല്ല നിലയിലുള്ള ഒരു ഒന്നാംഗ്രേഡ് കോളേജും എൻജിനീയറിംഗ് കോളേജും സ്ഥാപിക്കുന്നതിനും സമർത്ഥമായ നേതൃത്വം നൽകിയതു മാർ ഗ്രീഗോറിയോസ് തിരുമേനിയാണു്. സ്വന്തം കൈയിൽനിന്നു് നിർല്ലോഭം പണം ചെലവഴിച്ചും, കായികാദ്ധ്വാനംചെയ്തുപോലും അനേകം പുതിയ പള്ളികളും അദ്ദേഹം സ്ഥാപിച്ചു. വ്യക്തിപരമായ ജീവിതത്തിൽ അങ്ങേയറ്റത്തെ ലാളിത്യം പാലിച്ചുകൊണ്ടു് ഭദ്രാസനഭരണസംബന്ധമായ കാര്യങ്ങളിൽ ഈടറ്റ നേട്ടങ്ങളും അദ്ദേഹം കൈവരിച്ചു. തിരുമേനിയുടെ പതിമൂന്നു വർഷത്തെ ഭരണം അങ്കമാലി മെത്രാസനത്തെ സംബന്ധിച്ചിടത്തോളം നേട്ടങ്ങളുടെ ഒരു ചരിത്രമാണു്. പൊതുസമുദായസംബന്ധമായ സംഗതികളിലും സമുജ്ജ്വല നേതൃത്വമാണു് അദ്ദേഹം കൊടുത്തുകൊണ്ടിരുന്നതു്. സഭാസമാധാനത്തിനു മുമ്പു് മലങ്കര യാക്കോബായ സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ പ്രസിഡണ്ടായിരുന്ന തിരുമേനി. സമാധാനാനന്തരം ഇരുഭാഗത്തെയും സണ്ടേസ്കൂൾ പ്രസ്ഥാനങ്ങളും സംയോജിപ്പിച്ചതിനെ തുടർന്നു് മലങ്കര ഓർത്തഡോക്സ് സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ പ്രസിഡണ്ടായി തിരുമേനി മരണപര്യന്തം സേവനം അനുഷ്ഠിച്ചു. തന്റെ ഭദ്രാസനത്തിലെ എല്ലാ ആദ്ധ്യാത്മികപ്രസ്ഥാനങ്ങളെയും അദ്ദേഹം അഭിവൃദ്ധ്യുന്മുഖമാക്കിത്തീർത്തു. അദ്ദേഹത്തിനു സ്വന്തമായി ലഭിച്ചതെല്ലാം അദ്ദേഹം സ്വന്തം ഭദ്രാസനത്തിനു നല്കി. അദ്ദേഹം മെത്രാനാകുന്നതിനു മുമ്പു് തന്റെ പിതാവു് തനിക്കു നൽകിയ സ്ഥലവും, അദ്ദേഹത്തിന്റെ സ്വന്തം പണംകൊണ്ടുണ്ടാക്കിയ പള്ളിക്കൂടവും മറ്റും തന്റെ വിൽപത്രപ്രകാരം അങ്കമാലി മെത്രാസനത്തിനാണു നൽകിയിട്ടുള്ളതു്. തന്റെ വീട്ടുകാർക്കു് അവയിന്മേൽ യാതൊരു അവകാശവുമില്ല എന്നുകൂടി അദ്ദേഹം വില്പത്രത്തിൽ പ്രത്യേകം എഴുതിയിട്ടുള്ളതായിട്ടാണറിയുന്നതു്. വ്യക്തിപരമായി പറഞ്ഞാൽ സാധാരണ സഭാമേലദ്ധ്യക്ഷന്മാർ ജീവിക്കുന്നതുപോലെ ആഡംബരസമന്വിതമായ ഒരു ജീവിതം നയിക്കാനുള്ള എല്ലാ സാഹചര്യങ്ങളും ഉണ്ടായിട്ടും അവയെല്ലാം തന്റെ ഭദ്രാസനത്തിനുവേണ്ടി മാറ്റിവച്ചിട്ടു് വളരെ ലളിതമായ ഒരു ജീവിതമദ്ദേഹം നയിച്ചു. ഒന്നിലും പതറാത്ത ഉറച്ച ഒരു ഹൃദയം അദ്ദേഹത്തിനുണ്ടായിരുന്നതിനാൽ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിലും തീരുമാനങ്ങളെടുക്കുന്നതിലും അങ്ങേയറ്റം അദ്ദേഹം വിജയിച്ചു. അദ്ദേഹത്തിന്റെ നേട്ടങ്ങളിൽ പ്രത്യേകം എടുത്തുപറയേണ്ട ഒന്നാണു് കൊരട്ടി കുഷ്ഠരോഗാശ്രമത്തിയോടടുത്തുള്ള ചാപ്പൽ. അതു് തിരുമേനിയുടെ ആതുരസേവനത്തിന്റെ ജ്ഞാപകമായിരിക്കും. അതുപോലെതന്നെ ചെറിയ വാപ്പാലശ്ശേരി മാർ ഇഗ്നാത്തിയോസ് അഗതിമന്ദിരവും.

അദ്ദേഹം ഹോംസിലെത്തി മേല്പട്ടം പ്രാപിച്ചശേഷം പുണ്യസ്ഥലങ്ങളും സന്ദർശിച്ചു മടങ്ങിയെങ്കിലും അവ ഒരിക്കൽകൂടി കാണുവാൻ കാംക്ഷിച്ചു. അദ്ദേഹത്തിന്റെ ആ ആഗ്രഹവും സാധിച്ചു. നാലു മാസക്കാലം കൊണ്ടു് അവയെല്ലാം പൂർത്തിയാക്കി, സന്തോഷപൂർവ്വം മടങ്ങിയെത്തി പിറേറദിവസം കാലംചെയ്തു. ഒരു പക്ഷെ, മാർഗ്ഗമദ്ധ്യത്തിലെവിടെയെങ്കിലുമായിരുന്നു അദ്ദേഹം അന്തരിച്ചിരുന്നതെങ്കിൽ

For Favours Received

C. E. Thomas, Andamans.

For Favours Received

P. G. Aleyamma, Andamans.

For Favours Received

P. John Mathai, Bombay.

വാർത്തകളും കുറിപ്പുകളും

തീർത്ഥാടകർ തിരിച്ചെത്തി

പുണ്യസ്ഥലദർശനാർത്ഥം ശീമരാജ്യങ്ങളിൽ പര്യടനം ചെയ്ത തീർത്ഥയാത്രാസംഘം നവംബർ 2–ാം വാരത്തിൽ സസുഖം തിരിച്ചെത്തി. തീർത്ഥാടകർ പ. പാത്രിയക്കീസ് ബാവാ തിരുമേനിയെ സന്ദർശിച്ചു കൈമുത്തി അനുഗ്രഹം പ്രാപിച്ചു. പരിശുദ്ധ പിതാവു വാത്സല്യപൂർവ്വം തീർത്ഥാടകരെ സ്വീകരിച്ചു. സമുദായസെക്രട്ടറി ശ്രീ പി. സി. ഏബ്രഹാമിനു മാർ അപ്രേം മെഡൽ തിരുമേനി സമ്മാനിച്ചു.

തീർത്ഥാടകരെ അനുമോദിച്ചു കോട്ടയം പുത്തനങ്ങാടി സ്കൂളിൽവച്ചും പഴയസിമ്മനാരിയിൽവച്ചും പ്രത്യേക യോഗങ്ങളും നടത്തപ്പെട്ടു. തീർത്ഥാടനവിവരങ്ങളെപ്പറ്റി റവ. ഫാ. പി. എം. പീലിപ്പോസ് ശ്രീ പി.സി ഏബ്രഹാം, ഷവലിയർ റ്റി. പി. പീലിപ്പോസ് മുതലായവർ പ്രസംഗിച്ചു. മലങ്കരസഭയും ശീമയിലെ സഭയും തമ്മിൽ അടുത്ത സമ്പർക്കം പാലിക്കുന്നതിനു ഇതുപോലുള്ള സന്ദർശനങ്ങളും വളരെ പ്രയോജകീഭവിക്കുന്നതാണു്.

ചരമങ്ങൾ

മഴവന്നൂർപള്ളിവികാരി ദി.ശ്രീ. നെടുമ്പുത്തു ദാനിയേൽ കത്തനാർ 1966 നവംബർ 10–ാംതീയതി 76–ാമത്തെ വയസ്സിൽ കർത്താവിൽ നിദ്ര പ്രാപിച്ചു. മൃതശരീരം പ. കാതോലിക്കാബാവാ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിലും അനേകം പട്ടക്കാരുടെ സഹകരണത്തിലും ഒരു വമ്പിച്ച ജനക്കൂട്ടത്തിന്റെ സാന്നിദ്ധ്യത്തിലും മഴവന്നൂർ പള്ളി സെമിത്തേരിയിൽ പ്രത്യേകം തയ്യാറാക്കപ്പെട്ട കല്ലറയിൽ സംസ്കരിക്കപ്പെട്ടു.

ദി. ശ്രീ. നടുവിലേടത്തു തോമസ് കത്തനാർ 28–10–66–ൽ കർത്താവിൽ നിദ്ര പ്രാപിച്ചു. പൗലൂസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിലും അനേകം പട്ടക്കാരുടെ സഹകരണത്തിലും ഓണക്കൂർ സെഹ്യോൻ പള്ളി സിമിത്തേരിയിൽ പ്രത്യേകം തയ്യാറാക്കപ്പെട്ട കല്ലറയിൽ സംസ്കരിക്കപ്പെട്ടു.

ഈ രണ്ടു പുരോഹിതരെയും ആനന്ദങ്ങളുടെ പർദ്ദൈസായിൽ ചേർത്തു് ആശ്വസിപ്പിക്കാൻ നമുക്കു പ്രാർത്ഥിക്കാം.

മാങ്ങാനം എബനേസർ പള്ളിയുടെ സ്ഥാപകരും ഒരു തികഞ്ഞ സമുദായ സ്നേഹിയും മലങ്കരസഭാമാസികയുടെ ഉറ്റമിത്രവുമായ ശ്രീ പാറേക്കുളത്തു പുന്നൻ കഴിഞ്ഞ നവംബർ 11–ാംതീയതി വാർദ്ധക്യസഹജമായ രോഗംമൂലം 84–ാമത്തെവയസ്സിൽ കർത്താവിൽ നിദ്ര പ്രാപിച്ചു. അദ്ദേഹത്തിന്റെ മൃതശരീരം മാങ്ങാനം എബനേസർ പള്ളിസിമിത്തേരിയിൽ 12–ാം തീയതി മാത്യൂസ് മാർ അത്താനാസ്യോസ്, യൂഹാനോൻ

(ശേഷം 37–ാംപേജിൽ)

സ്വീകരി എന്തായിരുന്നു? ദൈവം അതു് അനുവദിച്ചില്ല. തിരുമേനി അദ്ദേഹത്തിന്റെ ജോലികൾ പൂർത്തിയാക്കി. അദ്ദേഹത്തിന്റെ ആഗ്രഹങ്ങളെല്ലാംതന്നെ നിറവേറി. അദ്ദേഹം കടന്നുപോയി. എന്നാൽ അദ്ദേഹത്തിന്റെ സ്മരണ എന്നും നിലനില്ക്കും. മായാത്ത പാദമുദ്രകൾ തന്റെ രംഗമണ്ഡലത്തിൽ ശരിക്കും പതിപ്പിക്കുന്നു കഴിഞ്ഞ ഒരു മെത്രാപ്പോലീത്തായാണു് തിരുമേനി. തിരുമനസ്സിലെ ദേഹവിയോഗത്തിൽ 'മലങ്കരസഭ'യ്ക്കുള്ള അഗാധമായ ദുഃഖം ഇവിടെ രേഖപ്പെടുത്തുന്നു. നമ്മുടെ കർത്താവു്, ഈ വന്ദ്യപിതാവിനെ ആനന്ദങ്ങളുടെ പർദ്ദൈസായിൽ പരിശുദ്ധന്മാരായ പ്രധാനാചാര്യന്മാരുടെ നിരയിൽ ചേർത്തു് ആശ്വസിപ്പിക്കാൻ നമുക്കു പ്രാർത്ഥിക്കാം.

—o—

ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ.

ലഘുജീവചരിത്രവും അന്ത്യനിമിഷങ്ങളും

കഴിഞ്ഞ നവംബർ 6—ാം തീയതി ഞായറാഴ്ച മാങ്ങാനം എബനേസർ പള്ളിയിൽ വി. കുർബ്ബാനയ്ക്കു തുടക്കമായി നടത്തിക്കൊണ്ടിരിക്കുമ്പോൾ കപ്യാർ ഒരു കുറിപ്പു കൊണ്ടുവന്നു കണ്ണിനു നേരെ ഉയർത്തിപ്പിടിച്ചു. 'ആലുവായിലെ മാർ ഗ്രീഗോറിയോസ് തിരുമേനി ഇന്നു രാവിലെ 7.30—ന കാലം ചെയ്തു'. ഞെട്ടിപ്പോയി. വിശ്വസിക്കാൻ വിഷമം തോന്നി. പക്ഷേ, 'ദേവലോക'ത്തു നിന്നുള്ള അറിയിപ്പാകയാൽ വിശ്വസിക്കാതിരിക്കാൻ കാരണമില്ല. വി. കുർബ്ബാനയിൽ തിരുമേനിയുടെ ആത്മാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു.

സുമാർ നാലു മാസക്കാലം നീണ്ടുനിന്ന വിജയകരമായ വിദേശപര്യടനം കഴിഞ്ഞു് ഇന്നലെ (5—ാംതീയതി) വൈകുന്നേരം മടങ്ങിയെത്തിയ തിരുമേനിയുടെ യാത്ര പൂർത്തിയായി. ശീഘ്രഗതിയിൽ ഓടിയ ഓട്ടം പെട്ടെന്നു നിലച്ചു പ്രാപ്തനായ ഒരു മെത്രാപ്പോലീത്താ കടന്നുപോയി. ശക്തനായ ഒരു ഭരണാധികാരി, അചഞ്ചലനായ ഒരു കർമ്മധീരൻ മരണത്തിന്റെ യവനികയ്ക്കുപ്പുറത്തേക്കു കടന്നു. അദ്ധ്വാനത്തിൽനിന്നും വിരമിച്ചു; വിശ്രാന്തിയിലേക്കു്.

മടങ്ങിയെത്തിയ ഭദ്രാസനാധിപനു് ഇടവകാംഗങ്ങൾ സ്നേഹോജ്ജ്വലമായ സ്വീകരണം നൽകി. അതിന്റെ ഹൃദ്യത യാത്രാക്ഷീണം ബാധിച്ച ആ ഹൃദയത്തിൽ കുളിർമ്മ പകർന്നു. കൃതജ്ഞതയും വാത്സല്യവും നിറഞ്ഞ മറുപടിയിൽ തിരുമേനി കൂട്ടിച്ചു. 'ഇനി ഇതുപോലെ ഒരു സ്വീകരണം നമുക്കു കിട്ടുമെന്നു തോന്നുന്നില്ല', അതേ അങ്കമാലി ഇടവക അതിന്റെ അധിനായകനു നൽകിയ അന്തിമ സ്വീകരണമായിരുന്നു അതു്. പക്ഷെ അതു തിരുമേനി പറഞ്ഞപ്പോഴും ഏറ്റവും മണിക്കൂറുകൾക്കുള്ളിൽ അതു് അനർത്ഥമായിത്തീരുമെന്നു് ആരും അറിഞ്ഞിരുന്നില്ല.

പിറ്റേ പ്രഭാതം, ഞായറാഴ്ച 'ലിലിയോ'യുടെ മസ്ക്കാരം നടത്തിയശേഷം പള്ളിയിൽനിന്നും അരമനയുടെ രണ്ടാം നിലയിലേക്കു ഗോവേണി കയറുമ്പോഴാണു് അന്തിമത്രയുടെ സന്ദേശം അദ്ദേഹത്തിന്റെ കാതുകളിൽ മുഴങ്ങിയതു്. അതു ഹൃദയത്തിന്റെ ഭിത്തികളിൽ ആഘാതമേല്പിച്ചു. ഏതാണ്ടു് മുപ്പതു മിനിട്ടുകൊണ്ടു് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ആത്മാവു് അതിന്റെ ഭൗതിക ചട്ടക്കൂടിൽനിന്നും ചിറകടിച്ചു പറന്നുപോയി.

നാവും എല്ലാവരെയും കാണാനും എല്ലാവർക്കും കാണാനും കഴിയുമാറു് തിരുമേനി ശൗലിനെപ്പോലെ ദീർഘകായനായിരുന്നു. ദാവീദിനെപ്പോലെ കോമളരൂപനായിരുന്നു. ശബ്ദം മേഘനാദംപോലെ ഗംഭീരമായിരുന്നു. തിരുമേനിയെ കാണുന്ന ഏവരും തല കുനിച്ചു് ബഹുമാനിക്കത്തക്ക ആകാരഭംഗി അദ്ദേഹത്തിനുണ്ടായിരുന്നു. മുഖം തേജസ്സു് നിറഞ്ഞതായിരുന്നു. അദ്ദേഹത്തെപ്പോലെ എല്ലാം തികഞ്ഞ പരമാധികാരികളെ സഭയ്ക്കു വളരെ അപൂർവ്വമായി മാത്രമേ ലഭിക്കാറുള്ളൂ. അദ്ദേഹത്തിന്റെ പ്രാർത്ഥന നമുക്കു കോട്ടയായിരിക്കട്ടെ.

ആലുവാ തൃക്കുന്നത്തു സിമ്മനാരിയിൽനിന്നും മുഴങ്ങിയ ദുഃഖമണിനാദം ഹൃദയം ഭേദിക്കുന്ന ഈ വാർത്ത വിളംബരം ചെയ്തു. അനേകം ദേവാലയങ്ങളിൽ ദിവ്യരക്ഷകന്റെ തിരുബലി സമർപ്പിതമാകുന്ന ആ അമൂല്യ സന്ദർഭത്തിൽ തിരുബലിയോടുകൂടിത്തന്നെ തിരുമേനിയുടെ ആത്മാവും ആത്മനാഥകൽ സമർപ്പിതമായി.

പ്രാപ്തനായ ഒരു ഭരണാധികാരി, കർമ്മധീരനായ ഒരു മെത്രാപ്പോലീത്താ, അചഞ്ചലനായ ഒരു ആദ്ധ്യാത്മികനായകൻ ആണ് തിരുമേനിയുടെ വിയോഗത്തിൽ മലങ്കരസഭയ്ക്കു നഷ്ടപ്പെട്ടിരിക്കുന്നതു്. ഇതു് അങ്കമാലി മെത്രാസന ഇടവകയെ സംബന്ധിച്ചിടത്തോളം നികത്താൻ പ്രയാസമുള്ള ഒരു വിടവാണു്.

അങ്കമാലി–അകപ്പറമ്പു് ഇടവകയിൽപ്പെട്ട നെടുമ്പാശ്ശേരിൽ പൈനാടത്തു വയലിപ്പറമ്പിൽ തോമസിന്റെയും ശോശാമ്മയുടെയും മൂന്നാമത്തെ പുത്രനായി 1899 ജൂലൈ 17–ാം തീയതി തിരുമേനി ഭൂജാതം ചെയ്തു. പ്രൈമറി വിദ്യാഭ്യാസം നെടുമ്പാശ്ശേരിൽതന്നെ നടത്തി. ഹൈസ്കൂൾ വിദ്യാഭ്യാസം ആലുവാ സെൻറ് മേരീസ് ഹൈസ്കൂളിലും. ആലുവാ യു. സി. കോളേജിൽ നിന്നു് ബി. എ. ബിരുദം നേടി. കോളേജ് വിദ്യാഭ്യാസത്തിനു മുമ്പ് രണ്ടു വർഷം വടകര സെൻറ് ജോൺസ് സ്കൂളിൽ അദ്ധ്യാപകനായി സേവനം ചെയ്തു.

ബാല്യം മുതല്ക്കേ ആദ്ധ്യാത്മികങ്ങളായ കാര്യങ്ങളിൽ പ്രദർശിപ്പിച്ചുവന്ന താല്പര്യം വൈദികനാവാനുള്ള ഒരു വിളിയായി തോമസ് വറുഗീസിനു് അനുഭവപ്പെട്ടു. മലങ്കരസഭാ സമാധാനാത്മം മലങ്കരയിൽ എഴുന്നള്ളിയിരുന്ന പ. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ തിരുമനസ്സിലെ കരങ്ങളിൽനിന്നു് 1107-ൽ അദ്ദേഹം ശെമ്മാശുപട്ടം സ്വീകരിച്ചു. തന്റെ ആത്മീക പരിശീലനം തൃക്കുന്നത്തു സിമ്മനാരിയിൽ അഭിവന്ദ്യനായ പൗലൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ തിരുമേനിയുടെ പാദത്തിങ്കൽ നിർവ്വഹിക്കപ്പെട്ടു. കോതമംഗലം മാറാശ്ശേരിൽ ഇട്ടീര മല്പാനച്ചനാണു സുറിയാനി പഠിപ്പിച്ചതു്. 1109–ൽ മാർ അത്താനാസ്യോസ് തിരുമേനി തോമസ് വറുഗീസ് ശെമ്മാശ്ശനു് കശ്ശീശാപട്ടം നൽകി. വൈദികനായശേഷം അദ്ദേഹം കർമ്മോന്മുഖനായിത്തന്നെ മുമ്പോട്ടു പോയി. യൗസേപ്പിന്റെ ജീവചരിത്രം, പ. ഏലിയാസ് പാത്രിയക്കീസ് ബാവാ തിരുമനസ്സിലെ ജീവചരിത്രം, ചോദ്യോത്തരം, 'പാപിയുടെ ആശ്രുപത്രി' കുമ്പസ്സാരക്രമം എന്നിങ്ങനെ പല ഗ്രന്ഥങ്ങളും അദ്ദേഹം രചിച്ചു. അധികകാലതാമസം കൂടാതെ ഫാദർ തോമസ് വറുഗീസ് മദ്രാസ് വെപ്പെരി യാക്കോബായ പള്ളി വികാരിയായി നിയമിക്കപ്പെട്ടു. അദ്ദേഹം ആ ഇടവകയെ പ്രശസ്തമായി നയിച്ചു. ആ കാലയളവിൽ അദ്ദേഹം മദ്രാസ് മെസ്റ്റൺ ട്രയിനിംഗ് കോളേജിൽനിന്നു് എൽ. റ്റി. പാസ്സായി. തിരിച്ചെത്തിയ ശേഷം 1939–ൽ അദ്ദേഹത്തിന്റെ സ്വദേശമായ നെടുമ്പാശ്ശേരിൽ തന്റെ സ്വന്തം സ്ഥലത്തുതന്നെ ഒരു ഇംഗ്ലീഷ് മിഡിൽസ്കൂൾ സ്ഥാപിച്ചു. 1948–ൽ അതു് ഒരു ഹൈസ്കൂളായി ഉയർത്തി. അതിന്റെ മാനേജർ സ്ഥാനവും ഹെഡ്മാസ്റ്റർസ്ഥാനവും അദ്ദേഹം വഹിച്ചു.

സമുദായത്തിൽ കക്ഷിത്വം നിലനില്ക്കുന്ന കാലമായിരുന്നു. പാത്രിയക്കാഭോഗത്തെ മലങ്കരമെത്രാപ്പോലീത്താ സ്ഥാനവും വിശിഷ്യാ അങ്കമാലി, കൊച്ചി എന്നീ ഭദ്രാസന ഇടവകകളുടെ മെത്രാപ്പോലീത്താസ്ഥാനവും വഹിച്ചിരുന്ന പൗലൂസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ വാർദ്ധക്യവും ക്ഷീണവും മൂലം അങ്കമാലിക്കും കൊച്ചിക്കും പുതിയ മെത്രാപ്പോലീത്തന്മാരെ വാഴിച്ചു ഭരണഭാരം അവരെ ഏല്പിക്കണമെന്നു തിരുമേനി ആഗ്രഹിച്ചു. അതിലേക്കു് തന്റെ കീഴുള്ള പള്ളികളിലെ പ്രതിപുരുഷന്മാരുടെ യോഗങ്ങളും വിളിച്ചുകൂട്ടി. അങ്കമാലി ഇടവകയ്ക്കു് ബ. വയലിപ്പറമ്പിൽ തോമസ് വറുഗീസ് കത്തനാരെയും, കൊച്ചി ഇടവകയ്ക്കു് ബ. മുളയിരിക്കൽ പൗലൂസ് റമ്പാച്ചനെയും മെത്രാപ്പോലീത്താ സ്ഥാനത്തേക്കു തെരഞ്ഞെടുത്തു. (1945 മെയ് മാസത്തിൽ തൃക്കുന്നത്തു സിമ്മനാരിയിൽകൂടിയ പള്ളിപ്രതിപുരുഷയോഗമാണു് ബ. വയലിപ്പറമ്പിൽ അച്ചനെ തെരഞ്ഞെടുത്തതു്) രണ്ടു സ്ഥാനാർത്ഥികളും യഥാകാലം ഹോംസിലേക്കു് അയയ്ക്കപ്പെട്ട ബ. അബ്ദുൽ ആഹാദ് റമ്പാച്ചനും (ഇപ്പോഴത്തെ പ. യാക്കൂബ് തൃതീയൻ പാത്രിയക്കീസ് ബാവാ തിരുമേനി) സ്ഥാനാർത്ഥികളെ അനുഗമിച്ചിരുന്നു.

1946 കർക്കടകം 22–ാംതീയതി ഹോംസിലെ പാത്രിയക്കാ ദേവാലയത്തിൽവച്ചു് പ. അപ്രേം പ്രഥമൻ പാത്രിയക്കീസ് ബാവാ തിരുമനസ്സുകൊണ്ടു് വയലിപ്പറമ്പിൽ റമ്പാച്ചനെ മാർ ഗ്രീഗോറിയോസ് എന്ന പേരിലും മുളയിരിക്കൽ റമ്പാച്ചനെ മാർ സേവേറിയോസ് എന്ന പേരിലും മെത്രാപ്പോലീത്തന്മാരായി വാഴിച്ചു. അഭിനവ തിരുമേനിമാർക്കു ശ്രീമരാജ്യ

ത്തുള്ള നമ്മുടെ പല പള്ളികളിലും ഹൃദ്യമയാ സ്വീകരണം നൽകപ്പെട്ടു. യേറുശലേമിലും ബേതലഹേമിലും മറ്റും സഞ്ചരിച്ച് നമ്മുടെ കത്താവിന്റെ രക്ഷാകരങ്ങളായ വ്യാപാരങ്ങളുടെ അനർഘ ചൈതന്യം നിറഞ്ഞ പുണ്യസ്ഥലങ്ങം സന്ദർശിച്ച് അനുഗ്രഹീതരായശേഷം തിരുമേനിമാർ ഇരുവരും 1946 നവംബർ 1–ാം തീയതി ആലുവാ തുക്കുന്നത്തു സിമ്മനാരിയിൽ തിരിച്ചെത്തി. വൃദ്ധനായ മാർ അത്താനാസ്യോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ അഭിനവ പിതാക്കന്മാർക്കു ഗംഭീര സ്വീകരണം നൽകപ്പെട്ടു. ആലുവാ സിമ്മനാരിയും അങ്കമാലി ഇടവകയും അതിന്റെ കൊച്ചു തിരുമേനിക്കു നൽകിയ ആദ്യ സ്വീകരണമായിരുന്നു അതു'. പിറേറ ദിവസം തന്നെ മാർ ഗ്രീഗോറിയോസ് തിരുമേനി അങ്കമാലി ഇടവകയുടെ സഹായമെത്രാൻ എന്ന നിലയിൽ ഭരണഭാരമേറ്റു. കൊച്ചി ഇടവകയുടെ ചുമതല മാർ സേവേറിയോസ് തിരുമേനിക്കും ഏല്പിക്കപ്പെട്ടു.

അങ്കമാലി ഇടവകയുടെ ഭരണചുമതല ചുമലിലേറിയശേഷം കാലം ചെയ്യുന്നതുവരെയും മാർ ഗ്രീഗോറിയോസ് തിരുമേനി വിശ്രമരഹിതമായി പ്രവർത്തിച്ചുപോന്നു. മാർ ഗ്രീഗോറിയോസ് പ്രസ്സ് എന്ന പേരിൽ തിരുമേനി ആലുവായിൽ ഒരു അച്ചുകൂടം സ്ഥാപിച്ചു. ഭദ്രാസന ഇടവകയുടെ നാവായി 'സഭാചന്ദ്രിക' എന്ന മാസികയും ആരംഭിച്ചു. അതിൽ തിരുമേനി വിജ്ഞാനപ്രദങ്ങളായ ലേഖനങ്ങം എഴുതിക്കൊണ്ടിരുന്നു. തന്റെ ശീമയാത്രാവിവരങ്ങം സുവിശദമായി പ്രതിപാദിച്ചുകൊണ്ട് ഒരു പുസ്തകം രചിച്ചു. അദ്ദേഹം ആലുവാ സിമ്മനാരിയിൽ താമസിച്ച് വൃദ്ധനും സിദ്ധനുമായ മാർ അത്താനാസ്യോസ് തിരുമേനിയെ ശുശ്രൂഷിച്ചു. ഭരണകാര്യങ്ങം വിഘ്നം കൂടാതെ നിർവ്വഹിച്ചു.

മാർ അത്താനാസ്യോസ് തിരുമേനി 1953 ജനുവരി 26–ാംതീയതി കാലംചെയ്തു. തുടർന്ന് അങ്കമാലി ഇടവകയുടെ മെത്രാപ്പോലീത്താ ആയി മാർ ഗ്രീഗോറിയോസ് തിരുമേനി സ്ഥാനാരോഹണം ചെയ്തു. ക്രമീകൃതമായ ഒരു പരിപാടി ആവിഷ്ക്കരിച്ചുകൊണ്ട് ഇടവകപള്ളികം സന്ദർശിക്കയും ഓരോ പള്ളി ഇടവകയുടെയും സാമൂഹ്യവും സാമ്പത്തികവുമായ സ്ഥിതിവിവരങ്ങം നേരിട്ട മനസ്സിലാക്കി പ്രോത്സാഹജനകവും പുരോഗമനോന്മുഖമായ വിധത്തിൽ അവയെ നയിക്കുകയും ചെയ്തു. ആവശ്യാനുസരണം ശെമ്മാശ്ശന്മാരെയും കശ്ശീശ്ശന്മാരെയും പട്ടംകൊടുത്തു നിയമിച്ചു. ശെമ്മാശ്ശന്മാരുടെ അഭ്യസനത്തിനുവേണ്ടി ആലുവാ തുക്കുന്നത്തു സിമ്മനാരിയിൽ, വൈദികവിദ്യാഭ്യാസം ആരംഭിച്ചു. അതിന്റെ ചുമതല, അക്കാലത്തു മലങ്കരയിൽ മഞ്ഞിനിക്കരെ തുമേസിച്ചിരുന്ന വ.ദി.ശ്രീ. മുശാസലാമാ റമ്പാച്ചനെ ഏല്പിച്ചു.

ആലുവാ സിമ്മനാരി കോമ്പൗണ്ടിൽ തിരുമേനി ഒരു ഹോസ്റ്റൽ സ്ഥാപിച്ചു. നമ്മുടെ സഭാംഗങ്ങളായ വിദ്യാർത്ഥികളുടെയും ആലുവായിൽ ഉദ്യോഗാർത്ഥം താമസിക്കുന്ന നമ്മുടെ ആളുകളുടെയും സൗകര്യത്തെ കരുതിയാണിതു തിരുമേനി ചെയ്തതു്. ഈ അടുത്തകാലത്തു നല്ല രണ്ടു കെട്ടിടങ്ങംകൂടി പുതുതായി പണിയിച്ചിട്ടുണ്ട്. ഭദ്രാസനയിടവകയുടെ പരാശ്രയംകൂടാതെ സ്ഥിരമായ ഒരു വരുമാനമുണ്ടായിരിക്കണം എന്നതത്വത്തെ മുൻനിർത്തിയാണു തിരുമേനി ചെയ്തതു്. വാടകയിനത്തിൽ നല്ല ഒരു സംഖ്യ ഇപ്പോം പ്രതിമാസം കിട്ടിക്കൊണ്ടിരിക്കുന്നു.

തുക്കുന്നത്തു സിമ്മനാരിപ്പുരയിടത്തിൽ തെങ്ങിൻതൈകം, മാവു് മുതലായവ വച്ചു് ആദായപ്രദമാക്കുന്നതിലും തിരുമേനി ദത്തശ്രദ്ധനായിരുന്നു. ആലുവാ സിമ്മനാരിപ്പുരയിടം ഇന്നു ഫലസമൃദ്ധമാണു്. സഭയോടും ഭദ്രാസനത്തോടും തിരുമേനിക്കുണ്ടായിരുന്ന കരുതലും സ്നേഹവും അവ വിളിച്ചറിയിച്ചുകൊണ്ടിരിക്കുന്നു.

തുക്കുന്നത്തു സിമ്മനാരി രണ്ടു നിലയാക്കിയതു് മാർ ഗ്രീഗോറിയോസ് തിരുമേനിയാണു്. അതിനു് ഏതാണ്ടു മുപ്പത്തയ്യായിരം രൂപാ ചെലവു വന്നതിൽ ഇരുപതിനായിരവും അദ്ദേഹത്തിന്റെ കൈയിൽനിന്നാണെന്നാണു് ഇതെഴുതുന്നയാൾക്കു ഗ്രഹിക്കാൻ സാധിച്ചിട്ടുള്ളതു. പതിനയ്യായിരം രൂപാ പലരുടെ സംഭാവനയുമാണു്.

തിരുമേനിക്കു പിതൃരാർജ്ജിതമായി വീതപ്രകാരം നെടുമ്പാശ്ശേരിൽ കിട്ടിയ സ്ഥലത്താണു് അദ്ദേഹം ഹൈസ്കൂം സ്ഥാപിച്ചതു്. ആ സ്ഥലവും ഹൈസ്കൂളും അങ്കമാലി ഭദ്രാസനത്തിനായിട്ടു് അദ്ദേഹം നൽകിയിരിക്കയാണു്. ചുരുക്കിപ്പറഞ്ഞാൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അങ്കമാലി മെത്രാസനഭരണം ഏറെറടുത്തശേഷം അദ്ദേഹത്തിനു കൈമുത്തായിട്ടും മറ്റും കിട്ടിയിട്ടുള്ള അവസാന നയാപൈസാവരെ അദ്ദേഹം ആ മെത്രാസനത്തിനായിട്ടാണു് വച്ചിട്ടുള്ളതും ഉപയോഗിച്ചിട്ടുള്ളതും. അദ്ദേഹത്തിന്റെ അധ്യക്ഷ്യമായ ഭരണപ്രാഭവത്തിന്റെയും മേധാശക്തിയുടെയുംഅടിയി

ലുള്ള കാരണവും അനുകരണീയമായ ഈ ത്യാഗബുദ്ധിയാണ്.

ഒരു മെത്രാപ്പോലീത്തായുടെ ഭരണത്തിന്റെ വിജയം വൈദികരുടെ ഹൃദയപൂർവ്വമായ സഹകരണത്തെയാണ് മുഖ്യമായി ആശ്രയിച്ചിരിക്കുന്നതെന്നു സമാന്യേന പറയാം. തിരുമേനി അദ്ദേഹത്തിന്റെ വൈദികരുടെ കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധാലുവായിരുന്നു. രോഗികളും അവശരുമായ വൈദികരെപ്പറ്റി അദ്ദേഹം വിചാരപ്പെട്ടിരുന്നു. അങ്ങനെയുള്ളവരുടെ സന്ധാരണത്തിനുവേണ്ടി അദ്ദേഹം ഒരു ക്ലർജി ഫണ്ട് (Clergy Fund) ആരംഭിച്ചു. ഒരാൾ ശെമ്മാശ്ശുപട്ടം സ്വീകരിക്കുമ്പോഴും കശ്ശീശ്ശാപട്ടമേൽക്കുമ്പോഴും അൻപതു രൂപാ വീതം ഈ ഫണ്ടിലേക്കു കൊടുക്കണമെന്നാണ് നിശ്ചയിച്ചത്. പട്ടമേൽക്കുമ്പോൾ ഇപ്രകാരം പണം കൊടുക്കുന്നതു ശരിയോ എന്ന ഒരു പ്രശ്നം ഒരു പക്ഷേ തോന്നിയേക്കാം. പട്ടം കൊടുക്കുന്ന ആൾ സ്വീകരിക്കുന്ന ആളിനോട് പ്രതിഫലം വാങ്ങിക്കുന്നതു ഗൗരവാവഹമായ ഒരു തെറ്റാണ്. എന്നാൽ അങ്കമാലിയുടെ മെത്രാപ്പോലീത്താ അങ്ങനെ ഒരു കാര്യമൊന്നും വാങ്ങിയിട്ടില്ല. പട്ടമേൽക്കുന്നവർ സാധുക്കൾക്കും, പിതാക്കന്മാരുടെ പരിചാരകന്മാർക്കും സംഭാവന നൽകുന്ന ഒരു പതിവിപ്പോഴുണ്ട്. ആ സംഭാവന സ്ഥായിയായ ഒരു നന്മയ്ക്കുവേണ്ടിയായിരിക്കണം എന്ന ചിന്തയിൽ ദരിദ്രരും രോഗികളുമായ വൈദികർക്ക് ആശ്വാസമരുളുന്ന ഒരു സംഭാവന ആയിരിക്കണം എന്ന തിരുമേനി കരുതി. അങ്ങനെ കിട്ടിയിട്ടുള്ള പണത്തിനു തിരുമേനി പ്രത്യേകം കണക്കു സൂക്ഷിക്കുകയും അതു് അങ്കമാലി മെത്രാസനത്തിന്റേതായ ഒരു പ്രത്യേക അക്കൗണ്ടായി ബാങ്കിൽ നിക്ഷേപിക്കുകയും ചെയ്തുവരികയായിരുന്നു. ആ തുകയിൽനിന്ന് അദ്ദേഹം ദരിദ്രരും ആതുരരുമായ വൈദികർക്കും അവരുടെ അകാലചരമത്തിൽ അശരണരായിത്തീർന്ന കുടുംബാംഗങ്ങൾക്കും നൽകിവരികയായിരുന്നു. ചില വർഷങ്ങൾക്കു മുമ്പ് രോഗാവശനായ ഒരു വൈദികൻ കാലഗതിയടഞ്ഞതിനെ തുടർന്ന് അദ്ദേഹത്തിന്റെ കുട്ടികളുടെ വിദ്യാഭ്യാസത്തിനും അവർക്കു രണ്ടേക്കർ സ്ഥലം വാങ്ങിക്കൊടുക്കുവാനും ഈ ഫണ്ടിൽനിന്നു തിരുമേനി വിനിയോഗിച്ചു. വേറെയും ഇപ്രകാരം ഉണ്ടായിട്ടുണ്ട്. എടുത്തു നീക്കിയിട്ടുള്ള തുക ഇപ്പോഴും ബാങ്കിലുണ്ട്.

ഇടവകകളുടെ അഭിവൃദ്ധിയെ പുരസ്കരിച്ച് തിരുമേനി വൈദികർക്ക് സ്ഥലം മാറ്റവും ശമ്പളക്രമവും പ്രൊവിഡൻറ് ഫണ്ടും ഏർപ്പെടുത്തി. അദ്ദേഹം വിദേശയാത്ര കഴിഞ്ഞുമടങ്ങിവന്നപ്പോൾ അദ്ദേഹത്തിനുണ്ടായിരുന്ന ആഗ്രഹം—വൈദികരുടെ ശമ്പളത്തോതു് ഉയർത്തണമെന്നുള്ളതായിരുന്നു. കുറഞ്ഞതു് 200 രൂപയെങ്കിലും ഒരു വൈദികനു് അടിസ്ഥാനശമ്പളമുണ്ടായിരിക്കണം എന്നതായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. കാലം ചെയ്യുന്നതിന്റെ തലേദിവസം തിരുമേനി അടുത്തുള്ള വൈദികരോട് അതേപ്പറ്റി പ്രത്യേകം കല്പിക്കയുമുണ്ടായി. അദ്ദേഹത്തിന്റെ സ്നേഹവും ആർദ്രതയും കേവലം ഭംഗിവാക്കുകളിൽ തങ്ങിനില്ക്കുന്നവയായിരുന്നില്ല, പ്രത്യുത പ്രവൃത്തികളിലൂടെ പ്രതിഫലിച്ചുകൊണ്ടിരുന്നവ ആയിരുന്നു. ഭംഗിവാക്കുകൾ വശമില്ലാത്ത ആ കർമ്മധീരൻ ഭംഗിവാക്കുകളിൽ പ്രസാദിക്കുന്നവനുമായിരുന്നില്ല.

തന്റെ ആത്മികരക്കളെ ധനവാനെന്നോ ദരിദ്രനെന്നോ ഭേദം കൂടാതെ അദ്ദേഹം സ്നേഹിച്ചു. പ്രാമാണ്യം ഉള്ളവർ എന്നു വിചാരിക്കപ്പെടുന്നവരുടെ പ്രേരണകൊണ്ടും അദ്ദേഹത്തെ പ്രലോഭിപ്പിക്കുവാൻ സാധിച്ചിരുന്നില്ല. വ്യാമിശ്രങ്ങളായ പ്രശ്നങ്ങൾ വന്നാൽ അവ ഗാഢമായി ആലോചിച്ചു തീരുമാനം എടുക്കുന്നതിനു് അദ്ദേഹത്തിനുള്ള കഴിവു് അന്യാദൃശമായിരുന്നു.

മാർ ഗ്രീഗോറിയോസ് തിരുമേനി അങ്കമാലി ഭദ്രാസനത്തിൽ ഏഴുതാണ്ടു് മുപ്പതോളം പള്ളികളും ചാപ്പലുകളും പുതുതായി സ്ഥാപിച്ചിട്ടുണ്ട്. സ്ഥലത്തുചെന്നിരുന്നു് അതിനുവേണ്ടി അദ്ധ്വാനിക്കാൻപോലും അദ്ദേഹം മടിച്ചിരുന്നില്ല.

നമ്മുടെ പള്ളികളിൽപലതും ഇടവകക്കാരുടെ വക എന്ന നിലയിലാണല്ലൊ ഇരിക്കുന്നതു്. എന്നാൽ തിരുമേനിയുടെ കാഴ്ചപ്പാടു് തുലോം വ്യത്യസ്തമായിരുന്നു. പള്ളികളും ദൈവാലയങ്ങളും ദൈവത്തിന്റെവകയും, ദൈവത്തിന്റെപ്രതിപുരുഷൻ എന്ന നിലയിൽ മെത്രാൻ അതിന്റെഅധികാരിയും ഭരണകർത്താവു. ആണെന്നായിരുന്നു അദ്ദേഹത്തിന്റെ നില. പള്ളികളും ഇടവകകളും അവയിലെ ജനങ്ങളും ദൈവം എപ്പിസ്കോപ്പായെ വിശ്വാസമായി ഭരമേല്പിച്ചിട്ടുള്ളതും അവയ്ക്കു് അദ്ദേഹം ദൈവത്തിരുമ്പാകെ കണക്കുകൊടുക്കേണ്ടതും ആണെന്നുഅദ്ദേഹത്തിനു് ഉറച്ച ബോദ്ധ്യമുണ്ടായിരുന്നു. ഇതു കാനോനികമായ ഒരു ചിന്താഗതിയാണ്. (ഉദ്ദായ 1: 2 ശ്ലീഹ:) ഈ മനോഭാവമാണു് അദ്ദേഹത്തിന്റെ ഭരണപരമായ മുന്നേറ്റത്തിന്റെ പിന്നിലുണ്ടായിരുന്ന പ്രബലമായ പ്രേരണാശക്തി.

ഇടവകകളിൽ അച്ചടക്കം പാലിക്കുന്നതിനും സഭാചട്ടംകെട്ടുകയും ലംഘിക്കപ്പെടാതിരിക്കുന്നതിനും അദ്ദേഹം കല്പനകളും മൂലവും ഭദ്രാസനനാഥനായ 'സഭാചന്ദ്രിക'യിൽ മുടക്കംകൂടാതെ എഴുതിക്കൊണ്ടിരുന്ന ഇടയലേഖനങ്ങളും മൂലവും ഇടതടവില്ലാതെ തന്റെ ഭരണീയരെ ഉത്ബോധിപ്പിച്ചുകൊണ്ടിരിക്കയായിരുന്നു. വിശ്വാസവൈപരീത്യമോ സഭാപരമായി അനുസരണരാഹിത്യമോ അച്ചടക്കലംഘനമോ സാന്മാർഗ്ഗികജീവിതത്തിൽ പ്രത്യക്ഷവും മനഃപൂർവ്വവുമായ ധ്വംസനമോ എവിടെയെങ്കിലും കണ്ടാൽ ശിക്ഷണനടപടികളും സ്വീകരിക്കുന്നതിലും ആ ധീരമാനസൻ ഉദാസീനനായിരുന്നില്ല. തന്റെ കൃത്യനിർവ്വഹണത്തിൽ മുഖം നോക്കാതെ അദ്ദേഹം പ്രവർത്തിച്ചുവന്നു. അതുകൊണ്ട് ചിലപ്പോഴൊക്കെ അദ്ദേഹത്തോട് അല്പസ്വല്പം അതൃപ്തിയുണ്ടായേക്കാം എന്നു് അദ്ദേഹത്തിനു് അറിയാമായിരുന്നെങ്കിലും അവയൊന്നും വകവയ്ക്കുന്ന പ്രകൃതമായിരുന്നില്ല അദ്ദേഹത്തിന്റേതു്.

അന്ത്യോക്യാസിംഹാസനഭക്തിയിൽ മുൻപന്തിയിൽതന്നെ നിന്ന ഒരു മേല്പട്ടക്കാരനാണു് ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനി. അതേസമയം മലങ്കരസഭയുടെ സമാധാനം തിരുമേനിയുടെ പ്രതീക്ഷാവസ്തുതയായിരുന്നു. പീസ്ലീഗിന്റെ സമാധാനയജ്ഞസന്ദർഭത്തിൽ പുത്തനങ്ങാടി കുരിശുപള്ളിയങ്കണത്തിൽ അദ്ദേഹം സന്നിഹിതനാകയും സമാധാനത്തിനായുള്ള അഭിവാഞ്ഛ പ്രദർശിപ്പിക്കയും അതേസംബന്ധിച്ചു തിരുമേനിക്കു ബോദ്ധ്യമുള്ള അഭിപ്രായം മുൻനിറുത്തി ഇപ്പോഴത്തെ പ. പാത്രിയക്കീസ്ബാവാ തിരുമേനിക്കു് എഴുതുകയും ചെയ്തിട്ടുള്ളതാണു്.

സുപ്രീംകോടതിവിധി മലങ്കരസഭയെ രണ്ടാക്കിത്തീർക്കുമോ, സഭ ഏകീഭവിക്കുന്നതിനു പ്രേരണ നൽകുമോ, എന്താണു സംഭവിക്കുക എന്നു പലർക്കും ഉല്ക്കണ്ഠയുണ്ടായിരുന്നു. എന്നാൽ യോജിപ്പാണു് മലങ്കരസഭയുടെ ആവശ്യം എന്ന അഭിപ്രായക്കാരനായിരുന്നു തിരുമേനി. അതു കാണിച്ചു് മറ്റു തിരുമേനിമാരുമായി ചേർന്നു് അദ്ദേഹം പ. പാത്രിയക്കീസ്ബാവാ തിരുമനസ്സിലേക്കു് എഴുതിയിട്ടുണ്ടായിരുന്നു. പ. യാക്കൂബു് തൃതീയൻ പാത്രിയർക്കീസ് ബാവാ തിരുമേനി സ്വീകരിച്ച ധീരവും നിതാന്തപ്രശംസയർഹിക്കുന്നതുമായ നടപടിയാണല്ലൊ സഭാസമാധാനം ഉത്ഘാടനം ചെയ്തതു്. പൗരസ്ത്യകാതോലിക്കാബാവാ തിരുമേനിയെ നിരുപാധികം സ്വീകരിച്ചുകൊണ്ടുള്ള പ. പാത്രിയക്കീസ് ബാവാ തിരുമനസ്സിലെ 1958 ഡിസംബർ 9–ാംതീയതിയിലെ 447–ാം നമ്പർ കല്പന മഞ്ഞിനിക്കര മാർ യൂലിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലേക്കു കിട്ടിയതറിഞ്ഞ മാത്രയിൽ മാർ ഗ്രീഗോറിയോസ് തിരുമേനി മാർ യൂലിയോസ്, പൗലൂസ് മാർപീലക്സീനോസ് എന്നീ തിരുമേനിമാരോടുകൂടി 1958 ഡിസംബർ 16–ാം തീയതി രാത്രിയിൽ പഴയസിമ്മനാരിയിൽ എത്തി സമാധാനത്തിന്റെ സംസ്ഥാപനത്തിൽ ഭാഗഭാക്കായി.

മാർ ഗ്രീഗോറിയോസ് തിരുമേനി അന്ത്യോക്യാസിംഹാസനഭക്തനായിരുന്നു; കാതോലിക്കാസിംഹാസനത്തോടും അദ്ദേഹം കൂറുള്ളവനായിരുന്നു. കാലംചെയ്ത പ. കാതോലിക്കാബാവാ തിരുമേനിയുടെ നേരെ വളരെയധികം ബഹുമാനാദരവുകളും അദ്ദേഹം പുലർത്തിയിരുന്നു. 1958–ലെ സഭാസഭാധാനം പ്രഖ്യാപിതമായതിനെത്തുടർന്നു് മാർ ഗ്രീഗോറിയോസ്തിരുമേനി ദേവലോകം അരമനയിൽ എഴുന്നെള്ളുകയും പ. കാതോലിക്കാ ബാവാ തിരുമനസ്സിലെ സാന്നിദ്ധ്യത്തിൽ അരമനചാപ്പലിൽ വി. കുർബ്ബാന അർപ്പിക്കയും ചെയ്തു. ആ രംഗം പ്രേക്ഷകരായി കൂടിയിരുന്ന ബഹുശതം വിശ്വാസികളെ ഹർഷപുളകമണിയിച്ചു. മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ തിരുമേനിയുടെ കല്പന കിട്ടിയാൽ ഏതെല്ലാം കൃത്യാന്തരങ്ങളുണ്ടായിരുന്നാലും ദേവലോകം അരമനയിലെത്തുന്നതിലും സഭാകാര്യങ്ങളെ ആലോചിക്കുന്നതിലും തിരുമേനി ദത്തശ്രദ്ധനായിത്തന്നെയാണിരുന്നിട്ടുള്ളതു്. കാലംചെയ്ത ബാവാ തിരുമേനിയുടെ കബറടക്കശുശ്രൂഷയിൽ മാർ ഗ്രീഗോറിയോസ് തിരുമേനി ഒരു

For Favours Received

K. M. Mathew. Pay & accts. office, Ahamedabad.

കാമ്പികനായിരുന്നു. അതുപോലെതന്നെ കബറടക്കശുശ്രൂഷയിലും. കാലംചെയ്ത ബാവാതിരുമനസ്സിലെ മൃതശരീരം സ്ഥാനവസ്ത്രങ്ങളണിയിച്ചു് ഉയർന്ന രഥത്തിൽ വച്ചുകൊണ്ടു് നടത്തിയ 'നഗരി കാണിക്ക'യിൽ മൃതശരീരത്തിന്റെ പിന്നിൽ അദ്ദേഹവും ആസനസ്ഥനായിരുന്നു. അന്ത്യോക്യാസംബന്ധത്തോടും കാതോലിക്കാ സിംഹാസനത്തോടും കൂടിയ 'മലങ്കരസഭ' ആയിരുന്ന അദ്ദേഹം വിഭാവനംചെയ്തതു്. സഭാസമാധാനത്തോടുകൂടി അതു സാക്ഷാത്ക്കരിക്കപ്പെട്ടു.

തുടർന്നുള്ള അദ്ദേഹത്തിന്റെ ഭദ്രാസനഭരണത്തിന്റെ ഓട്ടം വളരെ ശീഘ്രഗതിയിലായിരുന്നു. അദ്ദേഹം സന്ദർശിക്കാത്ത ഒരു പള്ളിപോലും അങ്കമാലി മെത്രാസനത്തിലില്ല. ഓരോ പള്ളിയിന്മേലും അവയിലെ ഓരോ ആത്മികപ്രസ്ഥാനത്തിലും പെരുത്തും വലുതുമായ എല്ലാ ഇടവകക്കാര്യങ്ങളിലും തിരുമേനിയുടെ ദൃഷ്ടി പതിഞ്ഞിരുന്നു. അതേ, അദ്ദേഹത്തിന്റെ ഓട്ടം വേഗത്തിൽ തികയ്ക്കേണ്ടിയിരുന്നു. വിശുദ്ധ നാടുകളും പ. പാത്രിയർക്കീസ് ബാവായേയും വീണ്ടും ഒന്നുകൂടി കാണുവാൻ അദ്ദേഹത്തിന്റെ അന്തരാത്മാവിൽ അതിയായ ആഗ്രഹം ഉണ്ടായി 'മരിക്കുന്നതിനു് മുമ്പു് ഒരിക്കൽക്കൂടി കാണണം' എന്നു് അദ്ദേഹം തന്റെ വിദേശയാത്രയ്ക്കു മുമ്പു് 'ചന്ദ്രിക'യിൽഎഴുതിയ ഒരിടയലേഖനത്തിൽ പ്രസ്താവിച്ചു. അദ്ദേഹം കഴിഞ്ഞ ജൂലൈ 6—ാംതീയതി യാത്ര പുറപ്പെട്ടു. പ. പാത്രിയർക്കീസ് ബാവാ തിരുമേനിയെ കണ്ടു കാഴ്ചകൾ സമർപ്പിച്ചു. പാത്രിയക്കീസ' ബാവാ മനോഹരവും വിലപ്പിടിപ്പുള്ളതുമായ ഒരു മെഡലും മാലയും മെത്രാപ്പോലീത്തായുടെ കഴുത്തിൽ അണിയിച്ചു. തിരുമേനി ശീമയിൽ എല്ലാ മെത്രാപ്പോലീത്തന്മാരാലും സഹർഷം ബഹുമാനിക്കപ്പെട്ടു. നമ്മുടെ സഭാമക്കൾ ഭരതിനിർഭരങ്ങളായ സ്വീകരണങ്ങളാണല്ലോ. അദ്ദേഹം വി. നാട്ടിൽ എത്തി ഓരോ പുണ്യസ്ഥലവും മതിവരുവോളം കണ്ടു തൃപ്തിയടഞ്ഞു. അദ്ദേഹത്തിന്റെ ഓട്ടം നിന്നില്ല. അദ്ദേഹം അമേരിക്കയിലേക്കു പറന്നു. അവിടെയുള്ള നമ്മുടെ സഭാമക്കളെ സന്ദർശിച്ചു. അവരുടെ ആത്മികദിഷ്ടതികൾ നിർവ്വഹിച്ചു് അവരെ അനുഗ്രഹിച്ചു. അമേരിക്കയിലും സ്നേഹാദരപൂർവ്വകമായ സ്വീകരണങ്ങളും ലഭിച്ചു. അദ്ദേഹം റോം, കുസ്തന്തീനോപ്പോലീസ് എന്നീ പ്രധാന ആദിയായ ക്രൈസ്തവകേന്ദ്രങ്ങളും സന്ദർശിച്ചു. എന്നാൽ ഇപ്പോൾ അദ്ദേഹം പ്രസംഗിക്കവേ പറഞ്ഞു. 'ഇനി ഇങ്ങനെ ഒരു സന്ദർശനം നമുക്കു സാദ്ധ്യമാവുകയില്ല; അതിനാൽ നമുക്കു് ആഗ്രഹമുള്ള എല്ലാ സ്ഥലങ്ങളും കണ്ടിട്ടേ നാം ആലുവായിലേക്കു മടങ്ങുകയുള്ളൂ'. അതേ ആ വാചകങ്ങളും അനവദ്യമാവുകയായിരുന്നു. അദ്ദേഹം കുവയിറ്റു്, ബഹറിൻ, ബോംബേ എന്നീ സ്ഥലങ്ങളിലെ മലങ്കര ഓർത്തഡോക്സ് സഭാമക്കളെയും സന്ദർശിച്ചു് അനുഗ്രഹിച്ചു. അദ്ദേഹം തിടുക്കത്തിൽ മടങ്ങുകയാണു്. വേഗത്തിൽ ഓടുകയാണു്. തിരിച്ചെഴുന്നള്ളുന്ന വിവരം അങ്കമാലി ഭദ്രാസന ഇടവകയെ അറിയിച്ചു. നാല മാസക്കാലമായി

For Favours Received

Tharel V. Vergis
Singapore.

For Favours Received

Mrs. Ammini Samuel Mudali St. Madras 14.

For Favours Received

Lizamma Chacko
Karuvatta
Adoor.

തങ്ങളെ വിട്ടുപിരിഞ്ഞ പ്രിയ പിതാവിനെ സ്വീകരിക്കാൻ അങ്കമാലി ഭദ്രാസനം ആകമാനം അണിഞ്ഞൊരുങ്ങി. ഹൃദ്യവും ഗംഭീരവുമായ സ്വീകരണം. ഇതുപോലെ പള്ളിഇടവകകളും അവയിലെ ജനങ്ങളും ഒത്തിണങ്ങി നടത്തിയ ഒരു സ്വീകരണം ഭദ്രാസനത്തിൽ ഇതിനു മുമ്പുണ്ടായിട്ടില്ലത്രേ. തിരുമേനി തന്റെ പ്രിയ സഹോദരനായിരുന്ന കാലംചെയ്ത പൗലൂസ് മാർ സേവേറിയോസ് തിരുമേനി സ്ഥാപിച്ച കൊരട്ടി അരമനയിലെത്തി അദ്ദേഹത്തിന്റെ പിൻഗാമിയായ യൂഹാനോൻ മാർ സേവേറിയോസ് തിരുമേനിയെ കണ്ട് ആലിംഗനം ചെയ്തു. (അഭിനവ മെത്രാപ്പോലീത്തന്മാരിൽ മാർ സേവേറിയോസ് തിരുമേനിയെ മാത്രമേ അദ്ദേഹത്തിനു കാണാൻ സാധിച്ചുള്ളൂ.)

സ്വീകരണച്ചടങ്ങുകൾ ഭംഗിയായി പര്യവസാനിച്ചു. ജനക്കൂട്ടം പിരിഞ്ഞു തിരുമേനിയുടെ മാതൃസഹോദരനായ തുരുത്തി പേട്ടാകുളങ്ങര ശ്രീ വക്കീ പൈലിയും, കാലംചെയ്ത മാർ അത്താനാസ്യോസ് തിരുമേനിയുടെ പരിചാരകനായിരുന്ന മാത്തുവും വന്ന യാത്രാനുമതി ചോദിച്ചു. 'നാളെ പോകാം' എന്നു തിരുമേനി കല്പിച്ചു. ഇങ്ങനെ ഒരു മറുപടി സാധാരണഗതിയിൽ തിരുമേനി പറയുക പതിവില്ലാത്തതാണ്. ആ രണ്ടു പേരും അരമനയിൽ താമസിച്ചു. യാത്രാക്ഷീണംകൊണ്ട് തിരുമേനി രാത്രി നല്ലവണ്ണം ഉറങ്ങി.

6–ാം തീയതി ഞായറാഴ്ച 5 മണി. 'ലിലിയോ' നമസ്ക്കാരത്തിനുള്ള മണിനാദം ഉയർന്നു. തിരുമേനി പള്ളിയിലെത്തി നമസ്ക്കരിച്ചു. മടങ്ങിവന്നപ്പോൾ, അദ്ദേഹത്തിന്റെ പരിലാളന കാത്തുനില്ക്കുന്ന തെങ്ങിൻതൈകളും മറ്റും നോക്കി അല്പനേരം നിന്നു. അനന്തരം കോവേണിപ്പടികൾ ചവുട്ടി മുകളിലേക്കു കയറുകയായി. രണ്ടു മൂന്നു പടികൾ കയറി. നെഞ്ചിൽ ശക്തിയായ വേദന. വകവച്ചില്ല. മുകളിലെത്തി വരാന്തയിലെ ചാരുകസേരയിൽ ഇരുന്നു. വേദന കുറയുന്നില്ല. നല്ല കിതപ്പുണ്ട്. ശ്വാസോച്ഛ്വാസം ആയാസകരമായി തോന്നി. പെട്ടെന്ന് ശെമ്മാശ്ശന്മാരെ വിളിച്ചു. അവർ ഓടിയെത്തി. 'എന്റെ നെഞ്ചിൽ വല്ലാത്ത വേദന. ശ്വാസം മുട്ടുന്നു'. തിരുമേനി കൽപിച്ചു. തിരുമേനിയുടെ മുഖത്തെ പരവശ്യം കണ്ട ശെമ്മാശ്ശൻ ഡോക്ടറന്മാരെ വിളിപ്പിക്കട്ടെ എന്നു ചോദിച്ചു. അതിനു പ്രത്യേകം മറുപടി പറഞ്ഞില്ല. ഉടൻതന്നെ ഫോണിൽ ഡോക്ടറെ വിളിച്ചു. കക്കൂസിൽ പോകണമെന്നു തോന്നി. തിരുമേനി ആയാസപ്പെട്ട് കക്കൂസിലേക്കു പോയി. തിരിച്ചു രണ്ടുമൂന്നു പേർ താങ്ങിപ്പിടിച്ച് കൊണ്ടുവന്ന കട്ടിലിൽ കിടത്തി. നെഞ്ചകത്തെ വേദന ശക്തിപ്പെടുകയാണ്. കട്ടിലിൽ തിരിഞ്ഞും മറിഞ്ഞും കിടന്നു. 'എനിക്കു ദാഹിക്കുന്നു, വെള്ളം വേണം'. വെള്ളം കൊടുത്തു. 'ഉഷ്ണിക്കുന്നു', അടുത്തുനിന്നവർ വീശി. ഡോക്ടർ ഏബ്രഹാം തോമസ് സ്ഥലത്തെത്തി പരിശോധന നടത്തി. സ്ഥിതി മെച്ചമല്ല. ഡോക്ടർ ഓക്സിജൻ കൊടുത്തു. 'രോഗനില ആശങ്കാജനകമാണ്' ഡോക്ടർ പറഞ്ഞു. 'ആത്മികമായി നിങ്ങൾക്കു ചെയ്യുവാനുള്ളവ ചെയ്തുകൊള്ളുക' ആ വാക്കുകൾ കൂടെയുള്ളവരെ ഞെട്ടിപ്പിച്ചു. തുരുത്തുനിന്നു സിമ്മനാരിയിലെ അച്ചൻ വി. തൈലാഭിഷേകശുശ്രൂഷ നടത്തി. അതു് ഏതാണ്ട് 10 മിനിറ്റു സമയം നീണ്ടുനിന്നു. ആ സമയമത്രയും തിരുമേനിക്ക് ഒരു ശാന്തത അനുഭവപ്പെട്ടു. ബോധപൂർവ്വം ആ കൂദാശ അദ്ദേഹം സ്വീകരിച്ചു. ഡോ. അക്കാമ്മ ഇട്ടിയച്ചൻ, ഡോ. ഏ. ഐ കുര്യൻ, ഡോ. ഐസക്ക് തരകൻ എന്നിവരും പെട്ടെ

For Favours Received

Tharel V. Vargis, Singapore 27.

ന്നു് സിമ്മനാരിയിൽ എത്തി. മരണത്തിന്റെ ശക്തിയുള്ള കരങ്ങളുടെ പിടി മുറുകുമ്പോഴും ഡോക്ടറന്മാർ എന്തു ചെയ്യാനാണു്. തിരുമേനി പറഞ്ഞു: വേദനയുണ്ടു്, കിതയ്ക്കുന്നു, വീർപ്പണം വെള്ളം വിണ്ടും കൊടുത്തു. ആ ആത്മാവു് നിത്യതയിലേക്കു പറന്നുപോയി. ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ഓട്ടം അവസാനിച്ചു.



മൃതശരീരം സ്ഥാനോചിതമായ തിരുവസ്ത്രങ്ങൾ ധരിപ്പിച്ചു് കസ്സേരയിലിരുത്തി. തിരുമനസ്സിലെ വിയോഗവാർത്ത തൃക്കുന്നത്തു സിമ്മനാരി പള്ളിയിൽ നിന്നും ഉയർന്ന ദുഃഖമണിനാദം വിളിച്ചറിയിച്ചു.

മാത്യൂസ് മാർ അത്താനാസ്യോസ് തിരുമേനി ഏലൂരുണ്ടായിരുന്നു. തിരുമേനി ഉടൻ ആലുവായിലെത്തി. പരുമലപ്പെരുനാൾ കഴിഞ്ഞ സന്ദർഭം; പ. ബാവാ തിരുമേനിയും മാർ ദീവന്നാസ്യോസ് തിരുമേനിയും ആലുവായിക്കു ഉടൻതന്നെ യാത്രയായി. എല്ലാ തിരുമേനിമാരും അവിടെയെത്തി. കണ്ണാകണ്ണികയാ അറിഞ്ഞ ജനങ്ങളും ആശ്ചര്യപ്പെട്ടുകയാണു്. എങ്കിലും മിനിറ്റുകൾ കഴിയുന്തോറും വാർത്ത സ്ഥിരീകരിക്കപ്പെടുകയാണു്. തൃക്കുന്നത്തുസിമ്മനാരി അങ്കണം വമ്പിച്ച ജനത്തിയാൽ നിറയപ്പെട്ടു. പ. ബാവാതിരുമേനി അങ്കമാലി മെത്രാസനഭരണം ഇനി ഒരു മെത്രാപ്പോലീത്താ അവരോധിക്കപ്പെടുന്നതുവരെ നേരിട്ടു് ഏറ്റെടുത്തു. കബറടക്കശുശ്രൂഷകൾ ആരംഭിച്ചു. പൗലൂസ്മാർ പീലക്സീനോസ് തിരുമേനി, കാലം ചെയ്ത പിതാവിന്റെ മൃതശരീരത്തിൽ വന്ന വീണ പൊട്ടിക്കരഞ്ഞു. പ. ബാവാതിരുമേനി അദ്ദേഹത്തെ പിടിച്ചെഴുനേല്പിക്കയായിരുന്നു.

7—ാം തീയതി രാവിലെ കബറടക്ക ശുശ്രൂഷയുടെ അന്ത്യഭാഗങ്ങൾ പ. കാതോലിക്കാ ബാവാ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെട്ട മൃതശരീരം ആലുവാനഗരത്തിന്റെ പ്രധാന രാജവീഥിയിലൂടെ ഒരു രഥത്തിൽ വച്ചുകൊണ്ടുള്ള ഹൃദയസ്പർശിയായ നഗരികാണിക്കൽ നടന്നു. 5—ാം തീയതി സുസ്സേരവദനനായി ആഭാഗങ്ങളിലൂടെ നഗരപ്രവേശനം ചെയ്ത മാർഗ്രീഗോറിയോസ് തിരുമേനി, അദ്ദേഹം ദീർഘകാലം അധിവാസം ചെയ്ത സ്ഥലത്തോടു വിടവാങ്ങി.

അദ്ദേഹത്തിന്റെ മൃതശരീരം പട്ടക്കാരും മേൽപ്പട്ടക്കാരും ചേർന്നു് ഉയർത്തി. 'ഞാൻ അതിൽ ശുശ്രൂഷിച്ച മദ്ബഹായെ സമാധാന

അങ്കമാലിമെത്രാസനം – പ. ബാവാ തിരുമനസ്സിലെ കല്പന

നമ്മുടെ അങ്കമാലി മെത്രാസനയിടവകയുടെ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ഈ മാസം 6–ാം തീയതി ഞായറാഴ്ച ആകസ്മികമായി ദിവംഗതനാകയും നാമെല്ലാവരും ചേന്ന് 7–ാം തീയതി അദ്ദേഹത്തിന്റെ കബറടക്കശുശ്രൂഷ നിർവ്വഹിക്കുകയും ചെയ്തിരിക്കയാണല്ലൊ. കഴിഞ്ഞ 13 വർഷക്കാലം അദ്ദേഹം തന്റെ ഇടവകയ്ക്കും ആത്മീയ ആട്ടിൻകൂട്ടത്തിനും വേണ്ടി നിരന്തരം അദ്ധ്വാനിച്ചു. സഭയിൽ തന്റെ ചുമതലകളും ശരിയായി നിർവ്വഹിച്ചു. ഓട്ടം തികച്ചു, വിശ്വാസം കാത്തു. നല്ലവണ്ണം അദ്ധ്വാനിച്ച ദാസനെ വിശ്രമത്തിലേക്കു വിളിക്കാൻ തോട്ടത്തിന്റെ ഉടമസ്ഥനായ നമ്മുടെ കർത്താവിനു തിരുവിഷ്ടമായി. അദ്ദേഹത്തിന്റെ വിയോഗം നമ്മുടെ സഭയ്ക്കു പൊതുവായും ആ മെത്രാസനത്തിനു പ്രത്യേകിച്ചും വലിയ നഷ്ടവും നമുക്കെല്ലാവർക്കും അതീവദുഃഖകരവുമാണ്. എങ്കിലും സകലത്തിലും കർത്താവിന്റെ ഇഷ്ടത്തിനു നാം കീഴ്പ്പെടേണ്ടതാണല്ലൊ. നമ്മുടെ ആത്മീയമക്കളേവരും അദ്ദേഹത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും നോമ്പുനോക്കുകയും ചെയ്യണം. നമ്മുടെ പട്ടക്കാർ നാല്പതാം ദിവസംവരെ, വി. കുർബ്ബാന അർപ്പിക്കാവുന്ന എല്ലാ ദിവസങ്ങളിലും അദ്ദേഹത്തിനുവേണ്ടി വി. കുർബ്ബാന അർപ്പിക്കുകയും ചെയ്യണം.....

അങ്കമാലി മെത്രാസന ഇടവകയ്ക്ക് ഒരു മെത്രാപ്പോലീത്തായെ മുറപ്രകാരം നാം നിയമിക്കുന്നതുവരെ ആ മെത്രാസനം സഭാഭരണഘടന 95–ാം വകുപ്പനുസരിച്ച് നമ്മുടെ നേരിട്ടുള്ള ഭരണത്തിൽ ഇരിക്കുന്നതാകുന്നു.

ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആമ്മീൻ.

എന്ന്, 1966 നവംബർ 9–ാം തീയതി, ആലുവാ തുക്കുന്നത്തു സിമ്മനാരിയിൽനിന്നും.

ത്തോടെ വസിക്കുക, ദേവാലയമെ സമാധാനത്തോടെ വസിക്കുക, വൈദികവൃന്ദവും ഭയരായക്കാരുമെ, നഗരവും അതിന്റെ ഗ്രാമങ്ങളുമെ സമാധാനത്തോടെ വസിക്കുക' എന്നിപ്രകാരമുള്ള പരേതാത്മാവിന്റെ കരളലിയിക്കുന്ന യാത്രചോദിക്കൽ പരേതനെ പ്രതിനിധീകരിച്ച് പ്രധാന കാർമ്മികൻ ഉച്ചത്തിൽ ചൊല്ലി. വൈദികവൃന്ദവും ജനതതിയും വേദനയോടെ 'ഞങ്ങളുടെ പിതാവെ, സമാധാനത്തോടെ പോകുക' എന്ന മറുപടിയായി പറഞ്ഞു. നഗരികാണിക്കലിനുശേഷം മൃതശരീരം ആലുവാ സിമ്മനാരി പാപ്പലിന്റെ വടക്കുവശമുള്ള കബർമുറിയിൽ പൗലൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ കബറിടത്തിനരികിൽ പ്രത്യേകം തയ്യാർചെയ്ത കബറിൽ വച്ചു. കുന്തുരുക്കം കൊണ്ടു കബർ നിറച്ചു. അതിന്റെ വാതിലും അടയ്ക്കപ്പെട്ടു.

മാർ ഗ്രീഗോറിയോസ് തിരുമേനി തന്റെ വിദേശപര്യടനത്തിനു മുമ്പായി പൂർണ്ണആരോഗ്യസ്വാങ്ങം ധരിച്ച തന്റെ ചിത്രങ്ങളും അങ്കമാലി ഇടവകയിലെ എല്ലാ പള്ളികൾക്കും അയച്ചു കൊടുത്തിരുന്നു. തന്റെ ആത്മികമക്കളെ തന്നെ ഓർക്കുന്നതിനായി അദ്ദേഹം അപ്രകാരം ചെയ്കയായിരുന്നു. നമുക്ക് അദ്ദേഹത്തെ ഓർക്കാം, അദ്ദേഹത്തിനു വേണ്ടി പ്രാർത്ഥിക്കുകയും. ഈ പിതാവിന്റെ മദ്ധ്യസ്ഥത നമ്മോടുകൂടെയും ഉണ്ടായിരിക്കും.

(By Fr. T. V. George)

ഈ ലേഖനനിർമ്മാണത്തിന് തുക്കുന്നത്തുസിമ്മനാരിയിൽനിന്നും ഡീക്കൻ വറുഗീസ് കല്പപ്പറമ്പിൽ അയച്ചുതന്ന Notes സഹായകരമായിട്ടുണ്ട്. (ലേ.)

പട്ടശ്ശേരിൽ അലക്സന്ത്രയോസ് കോറെപ്പിസ്ക്കോപ്പാ

കുഴിമറ്റം പള്ളി വികാരി ആയിരുന്ന ബ. പട്ടശ്ശേരിൽ അലക്സന്ത്രയോസ് കോറെപ്പിസ്ക്കോപ്പാ യുടെ ദ്വിതീയ ചരമവാർഷികം ഈ ഡിസംബർ 13-ം 14-ം തീയതികളിൽ മാർ ക്ലീമ്മീസ് തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ നടത്തപ്പെടുന്നതാണ്. ഡി. 10 മുതൽ 13 വരെ തീയതികളിൽ കൺവെൻഷൻ പ്രസംഗങ്ങളും ഉണ്ടായിരിക്കും.

അനുശോചനയോഗങ്ങൾ

ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമേനിയുടെ ദേഹവിയോഗത്തിൽ അഗാധമായ ഖേദം പ്രകടിപ്പിച്ചുകൊണ്ട് പ. പാത്രിയർക്കീസ് ബാവാ, പോപ്പാ ആറാമൻ മാർപ്പാപ്പാ, വരാപ്പുഴ ആർച്ചുബിഷപ്പ് ഡോ. അട്ടിപ്പേററി, എറണാകുളം ആർച്ചുബിൽപ്പ് ഡോ. പാറേക്കാട്ടിൽ, യൂഹാനോൻ മാർ തോമ്മാ, സഖറിയാസ് മാർത്താനാസ്യോസ്, കൽദായമെത്രാപ്പോലീത്താ മാർ തോമ്മാ ദിമ്മോ, ബിഷപ്പ് ബഞ്ചമിൻ, ബിഷപ്പ് ഡോ. സെബാസ്റ്റ്യൻ വയലിൽ എന്നീ തിരുമേനിമാരും, രാഷ്ട്രപതി ഡോ. രാധാകൃഷ്ണൻ, ഏത്യോപ്യൻ ചക്രവർത്തി ഹെയിലിസെലാസി, തിരുവിതാംകൂർ മഹാരാജാവ്, കേരളഗവർണർ ഭഗവാൻ സഹായ്, ആന്ധ്ര ഗവർണർ പട്ടം താണുപിള്ള, അഡ്വൈസർ ആർ. പ്രസാദ് ആദിയായ പലേ മഹത്വ്യക്തികളും അനുശോചനങ്ങൾ അയച്ചിട്ടുണ്ട്.

നിരണം സെൻറ് തോമസ് ഓർത്തഡോക്സ് യുത്തുലീഗിന്റെ ഒരു മീററിംഗ് 11-6-66-ൽ പ്രസിഡണ്ട് റവ. ഫാ. ജോജ്ജ് കളീയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ കൂടി. അങ്കമാലി ഭദ്രാസനമെത്രാപ്പോലീത്തായായിരുന്ന ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി. പ്രസിഡണ്ട് അനുശോചനപ്രസംഗം നടത്തി. സെക്രട്ടറി ശ്രീ പി. ഏ. ജയിക്കബ് അനുശോചനപ്രമേയം വായിച്ചതു് സഭാപാസ്സാക്കി. പ്രത്യേകം പ്രാർത്ഥനയും നടത്തി.

അട്ടൂർ കുരുവാറാ സെൻറ് മേരിസ് പള്ളിയിൽവച്ചു് സണ്ടേസ്കൂൾ അദ്ധ്യാപകാദ്ധ്യേതാക്കളുടെ അഭിമുഖ്യത്തിലും, റവ. ഫാ. പി. വി. ഏലിയാസിന്റെ അദ്ധ്യക്ഷതയിലും 13-11-66-ൽ കൂടിയ യോഗം മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി. ഹെഡ്മാസ്റ്റർ ശ്രീ ഡി. ഉണ്ണുണ്ണി പ്രസംഗിച്ചു.

കല്ലിശ്ശേരി സെൻറ് മേരീസ്, ഉമയാറ്റുകര സെൻറ് തോമസ്, മഴക്കീർ, തൈമറവുംകര എന്നീ സണ്ടേസ്കൂളുകളുടെ ഒരു സംയുക്തസമ്മേളനം 13-11-66-ൽ ഉമയാറ്റുകര പള്ളിയിൽവച്ചു് വികാരി ദി. ശ്രീ തോട്ടത്തിൽ വീട്ടിൽ ഗീവറുഗീസ് കത്തനാരുടെ അദ്ധ്യക്ഷതയിൽ പേന്ത. റവ. എൻ. കെ. എബ്രഹാം കശ്ശീശ്ശാ, ശ്രീ ഇ. ഓ. മാത്യു എന്നിവർ പ്രസംഗിച്ചു. സണ്ടേസ്കൂൾ സെക്രട്ടറി ശ്രീ റെറി. വി. വറുഗീസ് അവതരിപ്പിച്ച അനുശോചനപ്രമേയം എല്ലാവരും എഴുനേററുനിന്നു പാസ്സാക്കി. യോഗത്തിനു മുമ്പായി ഒരു ദുഃഖഘോഷയാത്രയും നടത്തപ്പെട്ടു.

പാമ്പാടി ഡി. സണ്ടേസ്കൂൾ ഹെഡ് മാസ്റ്റേഴ്സ് അസോസിയേഷൻ, ഇൻസ്പെക്ടർ ശ്രീ സി. ഇ. കുരുവിളയുടെ അദ്ധ്യക്ഷതയിൽ വാഴൂർ സെൻറ് പോൾസ് ഹൈസ്കൂളിൽ ചേർന്ന് പൗരസ്ത്യഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസോസിയേഷൻ പ്രസിഡണ്ടായ നി. വ. ദി. ശ്രീ. ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് തിരുമനസ്സിലെ ആകസ്മിക ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തിയിരിക്കുന്നു. ശ്രീ വി റെറി. ചാക്കോ മാസ്റ്റർ അവതരിപ്പിച്ച പ്രമേയം ഏകകണ്ഠമായി പാസ്സാക്കി.

അനുശോചനയോഗങ്ങൾ സംബന്ധിച്ചു് പലേ വാർത്തകളും ഇവിടെ കിട്ടിയിട്ടുണ്ട്. അവയെല്ലാം പ്രസിദ്ധപ്പെടുത്താൻ സ്ഥലപരിമിതി അനുവദിക്കാത്തതിൽ ദുഃഖിക്കുന്നു.

(പത്രാധിപർ)